# കേരളസർവകലാശാല

നം.പി.ആർ.224/2021

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല ഡിസംബർ 10 ന് ആരംഭിക്കുന്ന ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2021 നവംബർ 15 ന് ആരംഭിക്കുന്ന ബി.എസ്സി. ആന്വൽ സ്കീം സപ്ലിമെന്ററി പരീക്ഷയുടെ (പാർട്ട് I & II) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാല 2021 നവംബറിൽ നടത്തുന്ന, പുതുതായി ആരംഭിച്ച എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്ല്യൂ. കോഴ്സുകളുടെ (ന്യൂ ജനറേഷൻ കോഴ്സുകൾ) ഒന്നാം സെമസ്റ്റർ പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ നവംബർ 9 വരെയും 150 രൂപ പിഴയോടെ നവംബർ 11 വരെയും 400 രൂപ പിഴയോടെ നവംബർ 12 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. ഈ പരീക്ഷകളുടെ രജിസ്ട്രേഷൻ slcm.keralauniversity.ac.in എന്ന പുതിയ ലിങ്ക് വഴി നടത്തേണ്ടതാണ്.

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ഒന്ന്,രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്റർ ബി.ബി.എ 2013അഡ്മിഷൻ മേഴ്സി ചാൻസ്,2014 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷക്ക് പിഴകൂടാതെ 2021 നവംബർ 16 വരെയും 150 രൂപ പിഴയോടുകൂടി നവംബർ 19 വരെയും 400 രൂപ പിഴയോടുകൂടി നവംബർ 22 വരെ ഫീസ് അടച്ച് ഓഫ്ലൈനായി അപേക്ഷിക്കാവുന്നതാണ്. സപ്ലിമെന്ററി പരീക്ഷക്ക് ഓരോ പേപ്പറിനും 150 രൂപയും സിവി ക്യാമ്പ് ഫീസ് 200രൂപയും, മാർക്ക്ലിസ്റ്റ് ഫീസായി 100/- രൂപയും രജിസ്ട്രേഷൻ ഫീസായി 100/- രൂപയും അടക്കേണ്ടതാണ്. ഇതിനുപുറമേ ആകെ ഫീസിന്റെ 5% അധികമായി അടക്കേണ്ടതാണ്.മേഴ്സി ചാൻസ് അപേക്ഷകർ മേല്പറഞ്ഞ ഫീസിന് പുറമെ മേഴ്സി ചാൻസ് ഫീസ് കൂടി ഒടുക്കേണ്ടതാണ്. 3 പേപ്പറുകളോ അതിൽ താഴെയോ ആണെങ്കിൽ 7500/-രൂപയും.4 പേപ്പറുകളോ അതിൽ കൂടുതലോ ആണെങ്കിൽ ഓരോ പേപ്പറിനും 2500/- രൂപ വീതം.

### പിഎച്ച്.ഡി. എൻട്രൻസ് – നവംബർ 17 വരെ അപേക്ഷിക്കാം

കേരളസർവകലാശാല 2021 ഡിസംബർ 4 ന് നടത്താൻ തീരുമാനിച്ചിരിക്കുന്ന 2021 വർഷത്തെ പിഎച്ച്.ഡി. എൻട്രൻസ് പരീക്ഷയ്ക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. വിദ്യാർത്ഥികൾക്ക് നവംബർ 3 മുതൽ 17 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ഓഫ്ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് അവരവരുടെ യോഗ്യത അനുസരിച്ചുള്ള വിഷയം ഓൺലൈൻ പോർട്ടലിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**മൂന്നാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്ക്**
**കോളേജ് മാറ്റത്തിന് അപേക്ഷിക്കാം**

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ മൂന്നാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്ക് (സി.ബി.സി.എസ്.എസ്.) 2021 – 22 അദ്ധ്യയന വർഷത്തിൽ കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. കോളേജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപാർശയോടെ 1050/- രൂപ ഫീസ് അടച്ച് ചേരാൻ ഉദ്ദേശിക്കുന്ന കോളേജിൽ നവംബർ 17 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടക്കേണ്ടതാണ്.

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി നവംബർ 19. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

തിരുവനന്തപുരം,
02.11.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**